12

വർഗ്ഗീയത

തീപ്പൊരിയിൽ നിന്ന് 2
കാലിച്ചാക്ക് 4

തീപ്പൊരിയിൽ നിന്ന്

(ഏഴാം തരം മലയാള പാഠപുസ്തകത്തിലെ ഒരു പാഠത്തെ ആധാരമാക്കി എഴുതിയ നാടകമാണിത്. യശ:ശരീരനായ പി. കേശവദേവിന്റെതാണ് ഈ കഥ.)

രംഗം ഒന്ന്

(പപ്പുപ്പിള്ളയുടെ ചായക്കട. മറുഭാഗത്ത് അദ്രമാന്റെ മുറുക്കാൻ കട. ഒന്നുരണ്ടു പേർ ചായക്കടയിലും മുറുക്കാൻ കടയിലുമായി വന്നു പോകുന്നു. നടുവിൽ ഒരു ബഞ്ച് കിടപ്പുണ്ട്. അദ്രമാൻ കത്രികയും മുറവും മടിയിൽ വച്ച് ബീഡി തെറുക്കുന്നു. പപ്പുപ്പിള്ള ദോശ ചുടുകയും ചായ ചേർക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഒരു ചെറുപ്പക്കാരൻ വന്ന് ബഞ്ചിലിരുന്ന് ചായ ആവശ്യപ്പെട്ടു. അകലെ ഒരു മൈക്ക് അനൗൺസ്മെന്റ് കേൾക്കാം.)

അനൗൺസ്മെന്റ് : മല്ലയുദ്ധപ്പോരാട്ടം. പ്രതീക്ഷിപ്പിൻ - പ്രതീക്ഷിപ്പിൻ... കായിക കലാ പ്രേമികൾക്ക് കണ്ണും കരളും കുളിർപ്പിക്കാനുള്ള കനകാവസരം പാഴാക്കരുതേ... (വാഹനമായി രണ്ടു കുട്ടികൾ രംഗത്തെത്തുന്നു.) വരുവിൻ! കാണുവിൻ ! ആനന്ദിപ്പിൻ! ഗംഭീര ഗുസ്തി മത്സരം! മയ്യനാട് ഹനുമാൻ സ്റ്റേഡിയത്തിൽ ധനു ഒന്നാം തിയ്യതി ഞായറാഴ്ച വൈകുന്നേരം 4.30ന് ഗംഭീര ഗുസ്തി-മല്ലയുദ്ധപ്പോരാട്ടം (നോട്ടീസ് വിതറി പോകുന്നു. ചെറുപ്പക്കാർ നോട്ടീസ്സെടുത്ത് വായിക്കുന്നു.)

രണ്ടു കുട്ടികൾ : എന്താണ് ഈ മല്ലയുദ്ധപ്പോരാട്ടം? അയ്യോ... അതറിയില്ലേ? മല്ലയുദ്ധപ്പോരാട്ടമെന്നു പറഞ്ഞാൽ... അതാണ്... ഗുസ്തി മത്സരം.

അദ്രമാൻ : ഗുസ്തിയാണോ സാറേ... എവിടെയാ?...

ചെറുപ്പക്കാരൻ : (വായന) ഇത്ര വാശിയോടും വൈരാഗ്യത്തോടും കോപത്തോടും കൂടി ജയാപജയങ്ങൾ തിരിച്ചറിയുന്നതു വരെ നടത്തുന്നതായ ഒരു മഹാമല്ലയുദ്ധം ഇതിനു മുമ്പുണ്ടായിട്ടില്ല. ഇനി ഉണ്ടാവുകയുമില്ല.

അദ്രമാൻ : (കത്രികയുമായി അടുത്തു വരുന്നു) അങ്ങനെയാണെങ്കിൽ അതൊന്നു കാണണമല്ലോ. എവിടെയാ സാറേ.... എവിടെയാ?....

പപ്പുപ്പിള്ള : (ചട്ടുകവുമായി വന്നു.) അത്ര വാശിയാണെങ്കിലെനിക്കുമൊന്നു കാണണം. ഫയൽമാന്മാരാരൊക്കെയാ സാറേ?

അദ്രമാൻ : വായിച്ചാട്ടെ സാറേ, വായിച്ചാട്ടെ.

ചെറുപ്പക്കാരൻ : മയ്യനാട് ഹനുമാൻ സ്റ്റേഡിയത്തിൽ ധനു ഒന്നാം തിയ്യതി വൈകുന്നേരം 4.30ന് വാശിയും വൈരാഗ്യവുമുള്ള മല്ലയുദ്ധമാകയാൽ സമാധാനലംഘനമുണ്ടാവാതിരിക്കാൻ പോലീസ്സ് ബന്തവസ്സ് ഉണ്ടായിരിക്കും.

അദ്രമാൻ : ഫയൽമാന്മാരുടെ പേര് വായിക്കണം സാറേ...

ചെറുപ്പക്കാരൻ :ഇനി അതാണ് വായിക്കാൻ പോകുന്നത്. ഫയൽമാന്മാർ

പപ്പുപ്പിള്ള : നിക്കണേ സാറേ. (ഓടിച്ചെന്ന് ദോശ മറിച്ചിട്ടു വരുന്നു) ഇനി വായിക്കണം സാറേ.......

ചെറുപ്പക്കാരൻ : അഖില കേരള ഗാമ എന്ന അപരനാമത്താൽ അഖില ഭാരത പ്രശസ്തി സമ്പാദിച്ചവനും മലയാളികളുടെ അഭിമാന സ്തംഭവുമായ മേക്കാട്ട് നാണുപ്പിള്ള ഫയൽമാൻ.

പപ്പുപ്പിള്ള : (രണ്ട് ചാട്ടം ചാടി) ഭേഷ്! ഭേഷ്! നാണുപ്പിള്ളച്ചേട്ടനുണ്ടെങ്കിൽ പിന്നെ ചോദിക്കേണ്ട ആരു ജയിക്കുമെന്ന്... ആനയെ എടുത്ത് പന്താടുന്നവനാ മേക്കാടൻ. ഹ്ഹ... ഹ്ഹ...

അദ്രമാൻ : കെടന്നു ചാടാതെ അടങ്ങിയിരി പപ്പുപ്പിള്ളേ. എതിരു ഫയൽമാൻ ആരാണെന്നുകൂടെ അറിയട്ടെ.

(കുഞ്ഞുമൊയ്തീൻ വരുന്നു. അദ്രമാനോട്)

എന്തുവാടാ അദ്രമാനേ...

അദ്രമാൻ : (ചിരി) ഒരു തമാശ കേൾക്കണോ കൊച്ചിക്കാ... ഈ പപ്പുപ്പിള്ള പറയുന്നു മേക്കാടൻ ആനയെ എടുത്ത് പന്താടുമെന്ന്.

കുഞ്ഞുമൊയ്തീൻ : പന്തില്ലാഞ്ഞിട്ടാണോടാ ആനയെ എടുക്കുന്നത്? എന്താ കാര്യം?

ചെറുപ്പക്കാരൻ : പഞ്ചാബ് പഞ്ചാനനെന്ന് പേരുകേട്ട മല്ലവീരൻ - മുഹമ്മദ് ഹുസൈൻ.

കുഞ്ഞുമൊയ്തീൻ : ഹ...ഹ... (പൊട്ടിച്ചിരി) നമ്മുടെ ഹുസൈനാണോ? മേക്കാടനെ മലർത്തിയടിക്കും... (ഇരിക്കുന്നു.)

അദ്രമാൻ : (ചിരിച്ച്) പത്ത് മേക്കാടന്മാരെ ചുരുട്ടി കക്ഷത്ത് വച്ചോണ്ട് പോകുന്നവനാ ഹുസൈൻ. അറിയാമോ?

പപ്പുപ്പിള്ള : മേക്കാടനെ ചുരുട്ടി കക്ഷത്തുവയ്ക്കാൻ ബ്രഹ്മാവ് വിചാരിച്ചാലും പറ്റൂല്ലെടാ. അറിയാമോ?

ങ്ഹാ...
കുഞ്ഞുമൊയ്തീൻ : നിങ്ങളുടെ ബ്രഹ്മാവിനെക്കൊണ്ടാകാത്തത് ഞങ്ങളുടെ ഹുസൈനെക്കൊണ്ടാകും. അറിയാമോ?
പപ്പുപ്പിള്ള : (ദേഷ്യം) നിങ്ങളുടെ ഹുസൈനും നിങ്ങടെ അള്ളായും കൂടെ വന്നാലും മേക്കാടന്റെ ചെറു വിരല് മടക്കാനൊക്കത്തില്ല. ങ്ഹാ.
(അദ്രമാൻ പപ്പുപ്പിള്ളയുടെ നേരെ കുതിച്ചു. കുഞ്ഞുമൊയ്തീൻ പിടിച്ചു നിർത്തി)
കുഞ്ഞുമൊയ്തീൻ : അടങ്ങടാ അദ്രമാനേ.
(ബഹളം കേട്ട് ആളുകൾ വരുന്നു)
അദ്രമാൻ : അല്ല കാക്കാ ഈ കാഫറ് പറഞ്ഞത് കേട്ടില്ലേ. നിങ്ങടെ അള്ളാ വന്നാലും മേക്കാടന്റെ ചെറു വിരല് മടക്കാനൊക്കത്തില്ലെന്ന്.
പപ്പുപ്പിള്ള : ഒക്കാഞ്ഞിട്ടുതന്നാണെടോ ഒക്കത്തില്ലെന്നു പറഞ്ഞത്.
അദ്രമാൻ : എന്നാൽ ഒന്നു കൂടെ പറയാമോടാ കള്ളക്കാഫറേ.
കുഞ്ഞുമൊയ്തീൻ : എടാ അടങ്ങി നിൽക്കാനല്ലെ പറഞ്ഞത്?
അദ്രമാൻ : അല്ല കാക്കാ. ആ നോട്ടീസൊന്ന് വായിച്ചു നോക്ക്. മേക്കാടൻ ഗാമയാണു പോലും. ഗാമ ഇസ്ലാമല്ലേ. ഇസ്ലാമിന്റെ പേര് കാഫറിനിടാമോ?
കുഞ്ഞുമൊയ്തീൻ : എടാ മനുഷ്യന്റെ പേര് പട്ടിക്കിടാറില്ലേ?
പപ്പുപ്പിള്ള : (ക്ഷമ നശിച്ച്) എടാ...
(മുന്നോട്ടായുന്നു, ചെറുപ്പക്കാരൻ തടയുന്നു.)
ചെറുപ്പക്കാരൻ : ഏയ് ഇതെന്തു ഭ്രാന്താണ്? വല്ലയിടത്തും വല്ലവരും ഗുസ്തി പിടിക്കുന്നതിന് നിങ്ങൾക്കെന്തു ചേതം?
പപ്പുപ്പിള്ള : എന്താ ചേതമെന്നോ? ഇവന്മാരു പറഞ്ഞതു കേട്ടില്ലേ.
(കുഞ്ഞുമൊയ്തീൻ ചാടി പപ്പുപ്പിള്ളയുടെ കരണത്തടിച്ചു. പപ്പുപ്പിള്ള ഒന്നോടി... കയ്യിലിരുന്ന ചട്ടുകം ഉയർത്തി കുഞ്ഞുമൊയ്തീന്റെ തലയിൽ വെട്ടി. തല പിളർന്നു.)
കുഞ്ഞുമൊയ്തീൻ : അള്ളാ.... കൊല്ലടാ അവനെ.
(അദ്രമാൻ ബീഡി തെറുക്കുന്ന കത്രിക കൊണ്ട് പപ്പുപ്പിള്ളയുടെ വയറ്റിൽ കുത്തി. കുഞ്ഞുമൊയ്തീനും പപ്പുപ്പിള്ളയും താഴെ വീണു പിടഞ്ഞു)
(അദ്രമാൻ അലറി, വീണ്ടും വീണ്ടും കുത്തുന്നു. നിലവിളിയോടെ ഇരു ഭാഗത്തു നിന്നും കോറസ്സെത്തുന്നു.)
കോറസ്സ് : ചായക്കട ചോരക്കളമായി...
പൊതു നിരത്തുകൾ കൊലക്കളമായി
ദേവാലയങ്ങൾ കശാപ്പുകാരുടെ സങ്കേതങ്ങളായി.

സന്ധ്യയായപ്പോൾ ലഹള പട്ടണം കടന്ന് ഗ്രാമങ്ങളിലേക്ക് പടർന്നു. കുടിലുകൾ കത്തിയെരിയുന്നു. നാട്ടിലെങ്ങും മനുഷ്യരില്ലാതെയായി.
(കോറസ്സൊരുമിച്ച്) : പരസ്പരം കഴുത്തറുക്കുന്ന ഹിന്ദുക്കളും മുസ്ലിംകളും മാത്രം.
കോറസ്സ് പിൻവാങ്ങുന്നു. അലർച്ചകൾ-പോർവിളികൾ-ദീനരോദനങ്ങൾ, പട്ടികളുടെ ഓലിയിടലുകൾ...)

രംഗം രണ്ട്

(സൈക്കിൾ ബെല്ലടിച്ചു.) ഭയങ്കരമായ ഹിന്ദു മുസ്ലിം ലഹള. (ഒരു പയ്യൻ ഒരു പത്രമിട്ട് പറഞ്ഞുകൊണ്ട് പോകുന്നു.) ഗ്രാമങ്ങളിലേക്കും ലഹള ബാധിക്കുന്നു.
(ആദ്യം കാണുന്ന ചെറുപ്പക്കാരൻ വന്ന് പത്രമെടുത്ത് നോക്കുന്നു. അകലെ വാർത്ത കേൾക്കാം. അതനുസരിച്ച് അയാളുടെ മുഖഭാവം മാറുന്നു.) അമ്പലങ്ങളും പള്ളികളും കത്തിയെരിയുന്നു. മൂന്നു സ്ഥലത്തു പോലീസ് വെടിവെച്ചു. പട്ടാളം ഫ്ളാഗ് മാർച്ച് നടത്തി.
മറ്റൊരുശബ്ദം : ഈ പ്രദേശത്ത് ഇന്ന് മുതൽ 14 ദിവസത്തേക്ക് 144-ാം വകുപ്പനുസരിച്ച് നിരോധനം ഏർപ്പെടുത്തിയിരിക്കുന്നു. നാലോ അതിൽ കൂടുതലോ ആളുകൾ കൂട്ടം കൂടുന്നതും ആയുധങ്ങൾ കൊണ്ടു നടക്കുന്നതും നിരോധിച്ചിക്കുന്നു. വിപരീതമായി പ്രവർത്തിക്കുന്നവരെ കണ്ടാലുടൻ വെടിവെച്ച് കൊല്ലുന്നതാണ്. (ചെറുപ്പക്കാർ പേടിച്ച് വിറച്ച് പേകുന്നു)
(ഒരു വശത്തു നിന്ന് കുറെ ആളുകൾ അട്ടഹാസങ്ങളുമായി കടന്നു പോകുന്നു. മറുഭാഗത്ത്നിന്ന് ഒരു കൂട്ടർ മറുവശത്തേക്കും കടന്നുപോകുന്നു. ചെറുപ്പക്കാരൻ ഒളിയ്ക്കുന്നു. ആരവങ്ങൾ അകലെ കേൾക്കാം. വീണ്ടും പത്രം നിവർത്തി)
പിടിയെടാ അവനെ
(ആൾക്കൂട്ടം അയാളെ വളഞ്ഞ് കൈകൾ ഉയർത്തുന്നു.)

(ചെറുപ്പക്കാരൻ സ്റ്റേജിന്റെ ഒരു മൂലയിലേക്ക് ഓടുന്നു.)
ഒരാൾ : വേണ്ടടാ, അവൻ നമ്മുടെ ആളാ..
മറ്റൊരാൾ : എങ്കിൽ അവന്റെ കയ്യിലും കൊട് ഒരു കഠാര.
ഒരാൾ : ഇന്നാ... പിടിയടാ..
ചെറുപ്പക്കാരൻ : എനിക്ക് കഠാരയും ശൂലവുമൊന്നും വേണ്ട.
ഒരാൾ : വാങ്ങടാ കഠാര.
ചെറുപ്പക്കാരൻ : എനിക്ക് വേണ്ട. നിങ്ങളെല്ലാം ദയവുചെയ്ത് ആയുധങ്ങൾ കളഞ്ഞ് വീടുകളിൽ പോകണം.
ഒരാൾ : ഛീ... നീയാരാടാ ഞങ്ങളെ ഉപദേശിക്കാൻ?
ചെറുപ്പക്കാരൻ : ഞാൻ നിങ്ങളുടെ ഒരു സഹോദരൻ.
ഒരാൾ : എന്നാൽ കഠാരയും കൊണ്ടുവാ അവന്മാരെ കൊല്ലാൻ.
ചെറുപ്പക്കാരൻ : അവരും എന്റെ സഹോദരന്മാരാണ്.
ഒരാൾ : ങ്ഹാ... എന്നാൽ നീയും ചാവണം.
ഒരാൾ : കൊല്ലടാ അവനെ... കുത്തെടാ...
(അവർ വളഞ്ഞുനിന്ന് കുത്തിക്കൊല്ലുന്നു.)
കോറസ്സ് : ഭ്രാന്ത് ശമിച്ചു... എങ്ങും ശ്മശാനത്തിന്റെ ശാന്തത. ചത്തവരുടെ കണ്ണുകൾ ശേഖരിച്ചുകൊണ്ടേയിരിക്കുന്നു. ഒഴുകിയ രക്തം ഉണങ്ങിയ മണ്ണിൽ ചേർന്നു. വീടുകളും കടകളും ഉണ്ടായിരുന്നിടത്ത് അസ്ഥികൂടങ്ങളും ചാമ്പലുകളും കരിക്കട്ടയും കുന്നുകൂടി കിടക്കുന്നു. (കോറസ്സ് മറയുന്നു.)

രംഗം മൂന്ന്

(മമ്മദ് കരിക്കട്ടകൾ കിടക്കുന്നതിനിടയിൽ നിന്ന് കത്രികയെടുത്ത് ഏങ്ങി ഏങ്ങി കരയുന്നു. ഗോപാലൻ കയ്യിൽ ഓല കെട്ടാനുള്ള ഓലകളുമായി വരുന്നു.)
ഗോപാലൻ : എന്തിനാ മമ്മദേ കരയുന്നത്?
മമ്മദ് : ഇതൊക്കെ കണ്ടപ്പൊ കണ്ണു നിറഞ്ഞുപോയി ഗോപാലാ.
ഗോപാലൻ : ഓ... ഇനി കരഞ്ഞിട്ടു കാര്യമെന്താ? ചാവാനുള്ളവരൊക്കെ ചത്തു. ഇനി നമുക്ക് നമ്മുടെ കാര്യം നോക്കാം.
മമ്മദ് : എങ്ങനെ കരയാതിരിക്കും? ഉമ്മയും മൂന്ന് അനിയത്തിമാരുമുണ്ട്. അവരെ ഞാനെങ്ങനെ പോറ്റും?
ഗോപാലൻ : എനിക്കുമുണ്ട് മമ്മദേ അമ്മയും കൊച്ചുപെങ്ങളും. എന്റെ ചേട്ടന്മാരു രണ്ടുപേരും ചത്തു.
മമ്മദ് : ഗോപാലൻ ഇനി എന്തു ചെയ്യാമ്പോണു?
ഗോപാലൻ : ചേട്ടന്റെ തൊഴിൽ തന്നെ ഞാനും ചെയ്യാൻ പോണു.
മമ്മദ് : അതിനാണോ ഓലയും മുളയും കൊണ്ടുവന്നത്?
ഗോപാലൻ : കട പോലെ ഒന്നു കുത്തിമറയ്ക്കണം.
മമ്മദ് : എനിക്കതിനു നിവൃത്തിയില്ല. ഓലയുമില്ല. മുളയുമില്ല.
ഗോപാലൻ : അതിനു വിഷമിക്കേണ്ട മമ്മദേ. നമുക്കു രണ്ടു പേർക്കുംകൂടി ഒരു കട മതി. പകുതി എനിയ്ക്കും പകുതി മമ്മദിനും.
മമ്മദ് : ഗോപാലനു വിരോധമില്ലേ?
ഗോപാലൻ : കൊള്ളാം നിന്റെ ബാപ്പേം എന്റെ ചേട്ടനും ഒരമ്മ പെറ്റ മക്കളെപ്പോലെയല്ലേ ഇവിടെ കച്ചവടം നടത്തിയിരുന്നത്?
മമ്മദ് : എന്നിട്ടവർക്ക് കിറുക്ക് പിടിച്ചു. തമ്മിൽ തമ്മിൽ കൊന്നു.
ഗോപാലൻ : നേരാ, ഈ ചട്ടുകം കൊണ്ടാണ് എന്റെ ചേട്ടൻ നിന്റെ ബാപ്പയുടെ തലയിൽ വെട്ടിയത്.
മമ്മദ് : എന്റെ ബാപ്പയുടെ ഈ കത്രിക കൊണ്ടാണ് നിന്റെ ചേട്ടനെ കുത്തിയത്.
(ഇരുവരും കത്രികയും ചട്ടുകവും അങ്ങകലേക്ക് വലിച്ചെറിയുന്നു.)
(കോറസ്സ് വരുന്നു. ഇരു കടകളിലും തകൃതിയായ കച്ചവടം. വന്നവരും കൂടി ഗോപാലനെയും മമ്മദിനെയും സഹായിക്കുന്നുണ്ട്. കടയുടെ നടുവിൽ ഒരു പോസ്റ്ററിൽ വ്യക്തമായി ഇങ്ങനെ എഴുതിയിരുന്നു. മതഭ്രാന്തന്മാർക്ക് പ്രവേശനമില്ല).

കാലിച്ചാക്ക്

(അരങ്ങ് ശൂന്യം. ചെണ്ടയുടെ ഒഴുക്കുള്ള താളം തുടരുന്നു. മാന്ത്രികൻ താളത്തിൽ ആംഗ്യവിക്ഷേപങ്ങളോടെ ചുവടുവച്ചു മുന്നോട്ടു വരുന്നു. പാന്റ്, ഷർട്ട്, നിറക്കൂട്ടുള്ള തലയിൽക്കെട്ട് (തൊപ്പിയുമാകാം.) കൈയിൽ മാന്ത്രികവടി...സവിശേഷ ചലനം അരങ്ങു നിറഞ്ഞു നീങ്ങുന്ന തരത്തിൽ തുടരുന്നു.)

മാന്ത്രിക : മാന്യമഹാജനങ്ങളെ...എന്റെ പേര് പ്രൊഫസർ ക്യാപ്പിറ്റൽ...ലോകത്തിന്റെ നാനാഭാഗത്തും ചെപ്പടിവിദ്യകളവതരിപ്പിച്ചുകൊണ്ട് ലോകജനതയുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതനായ ഞാൻ ഇതാ നിങ്ങളുടെ നാട്ടിലും എന്റെ ചില ചെറിയ പ്രകടനങ്ങൾ കാഴ്ചവെക്കുകയാണ്. ഈ പരിപാടിക്ക് നിങ്ങളുടെയെല്ലാം പൂർണ സഹകരണം പ്രതീക്ഷിക്കുന്നു...കുട്ടികളെല്ലാരും കൈയ് താഴ്ത്തിയിടണം...സുഹൃത്തുക്കളെ...

(ഒരു ഭാഗത്തുനിന്ന് ഒരു ചാക്ക് നിവർത്തിക്കാണിക്കുന്നതായി നടിക്കുന്നു...ചുറ്റിനടന്ന്...)

നോക്കൂ, ഇതെന്താണ്...? ഒരു ചാക്ക്...നോക്കൂ...

(മാന്ത്രികവടി ചാക്കിനുള്ളിൽ കടത്തി കാലിയാണെന്നു നടിക്കുന്നു...)

വെറും കാലിച്ചാക്ക്...ഇത് ഒരു വെറും കാലിച്ചാക്കാകുന്നു....നോക്കൂ...ഈ ചാക്കിൽ ഞാൻ ഉപ്പുനിറയ്ക്കുന്നു. അപ്പോൾ ഇതൊരു ഉപ്പിൻചാക്കാകും...ഇതിൽ മുളകു നിറച്ചാൽ ഇത് മുളകിൻ ചാക്കാകും...പഞ്ചസാര നിറച്ചാലോ ഇത് പഞ്ചാരച്ചാക്കാകും...നോക്കൂ...ഞാനെന്താണു ചെയ്യാൻ പോകുന്നത്...? എല്ലാവരും കൈയടിച്ചേ...

(മാന്ത്രികൻ വടി ചുഴറ്റി അരങ്ങത്തു നടക്കുന്നു. പിന്നെ വലതു കോണിൽ സദസ്സിലുള്ള ഒരാളെ ആകർഷിച്ച് അരങ്ങത്ത് മധ്യത്തിൽ നിറുത്തുന്നു.)

മാന്യമഹാജനങ്ങളെ...ഇങ്ങോട്ടുനോക്കൂ...ഇത് ഒരു കൊച്ചുകുട്ടിയാണ്. ഈ ലോകത്തെപ്പറ്റി ഒന്നും അറിയാത്ത നിഷ്ക്കളങ്കനായ ഒരു ശിശു...ഈ കാലിച്ചാക്കുപോലെ ശൂന്യമാണ് അതിന്റെ മനസ്സ്...നോക്കൂ...ഈ കുട്ടിക്ക് എന്താണ് സംഭവിക്കാൻ പോകുന്നതെന്നു ശ്രദ്ധിക്കൂ...

(അരങ്ങത്തെ ആളുടെ അടുത്തുനിന്നു പൂജ ചെയ്യുന്നതും മണിയടിക്കുന്നതും ശക്തി സംഭരിക്കുന്നതുമായി നടിക്കുന്നു...തുടർന്ന് ആദ്യം വേദിയുടെ വലത്, തുടർന്ന് ഇടത്, പിന്നീട് മധ്യം എന്നിങ്ങനെയായി നടന്നുനീങ്ങി വായുവിൽനിന്നു ഓരോ ഇലകൾ പൊട്ടിച്ചെടുത്തു കൈയിലിട്ടു കശക്കി ഓം... എന്ന ശബ്ദത്തോടെ ആളുടെ മുഖത്തെറിയുന്നതായി അഭിനയിക്കുന്നു. ആൾ പെട്ടെന്ന് ഉണരുന്നതായി നടിക്കുന്നു. തുടർന്ന് ഈണത്തിൽ ചൊല്ലുന്നു.)

ആൾ : സംഘച്ഛധ്വം സംവദധ്വം
സംവോ മനാംസി ജാനതാഃ
സമാനോ മന്ത്ര സ്സമിതീ സമാനീ
സമാനം മനഃ സമചിത്തമേകാം.

(പശ്ചാത്തലത്തിൽ സംഘം മന്ത്രം ആവർത്തിക്കുന്നു.)

മാന്ത്രിക : മഹാന്മാരേ, മഹതികളെ!, ആർഷഭാരതത്തിന്റെ പവിത്രസംസ്ക്കാരമായ ഹൈന്ദവധർമത്തിന്റെ മൂർത്തീരൂപമായ ഈ പുണ്യസ്വരൂപൻ പറയുന്നതെന്താണ്?

(മാന്ത്രികവടി ചുഴറ്റുന്നു. ആൾ ഇടതുകൈയിൽ കമണ്ഡലുവും വലതുകൈയിൽ അഭയമുദ്രയും ഉള്ളതായി നടിക്കുന്നു.)

ആൾ : നിങ്ങൾ ഒരുമിച്ചു പോകൂ...ഒരേ വാക്കുച്ചരിക്കൂ...ഒരേ മനസ്സായിരിക്കൂ...ഒരേ മന്ത്രം ചൊല്ലൂ... ഒരുമിച്ചു ഭുജിക്കൂ...

(വലതു കോണിലേക്കു നടന്നു നിശ്ചലനാകുന്നു.)

മാന്ത്രിക : ഇനി എന്റെ അടുത്ത പ്രകടനം ശ്രദ്ധിക്കുക.

(സദസ്സിന്റെ നേരെ മാന്ത്രികവടി നീട്ടി ഇടതു കോണിലെ ഒരാളെ ആകർഷിച്ച് അരങ്ങത്തു മധ്യത്തിലെത്തിച്ച് മാന്ത്രികവടി വലിക്കുന്നു.)

ഇതാ മറ്റൊരു ശിശു...ഇയാൾക്ക് എന്തു സംഭവിക്കുന്നു എന്നു നോക്കാം...

(ആളുടെ തോളിലെ തോർത്ത് തലയിൽ മൂടി ഇരുചെവിക്കും പിറകിലൂടെ താഴോട്ടു നീട്ടിയിടുന്നു. അല്പം ദൂരെ മാറി വായുവിൽനിന്നും വലിയ ഗ്രന്ഥമെടുത്തു വായിച്ചശേഷം ആളുടെ ഇരുചെവിയിലും മന്ത്രിക്കുന്നു...മാറിനിന്ന് മാന്ത്രികവടി ചുഴറ്റുന്നു. ആൾ പെട്ടെന്നുണർന്നു പ്രാർത്ഥിക്കുന്നു.)

അല്ലാഹു അക്ബർ, അല്ലാഹു അക്ബർ.

മാന്ത്രി : അറേബ്യൻ മണൽക്കാടുകളിലെ ചുട്ടുപഴുത്ത മണൽത്തരികളിലൂടെ വിശ്വസ്തരായ അനു

യായികളുമൊത്ത് മക്കയിൽനിന്നും മദീനയിലേക്കു പലായനം ചെയ്ത ആ പുണ്യപ്രവാചകന്റെ വാക്കുകൾ ശ്രദ്ധിക്കൂ...

ആൾ 2 : മുഹ്മിനിങ്ങളെ, മുഹ്മിനാക്കളെ ലോകത്തുള്ളവരുടെ പട്ടിണിയെന്തെന്നറിയുവാൻ നിങ്ങൾ പരിശുദ്ധ റംമളാൻ മാസത്തെ മുയ്ത്ത നോൽമ്പുകളും നോല്ക്കുക...നീ നിന്നാലാവുംവിധം ദരിദ്രനെ സഹായിക്കുക...

(മെല്ലെ നടന്ന് ഇടതു കോണിൽ നിശ്ചലനാകുന്നു.)

മാന്ത്രി : നോക്കൂ, സഹോദരീസഹോദരന്മാരേ, മഹത്തായ രണ്ടു പ്രകടനങ്ങൾ ഞാൻ കാഴ്ചവച്ചുകഴിഞ്ഞു. ഇനി ഞാനെന്താണ് ചെയ്യാൻ പോകുന്നതെന്നു ശ്രദ്ധിച്ചു നോക്കൂ...

(മുൻപ് ചെയ്തപോലെ അരങ്ങിന്റെ മധ്യത്തിൽനിന്നു വടി നീട്ടി മൂന്നാമതൊരാളെ അരങ്ങിലെത്തിക്കുന്നു.)

ഇതാ മൂന്നാമതൊരു ശിശു...ഇവന് എന്തു മാറ്റമാണുണ്ടാകുന്നതെന്നു നോക്കൂ...

(പശ്ചാത്തലത്തിൽ മൂന്നു തവണ മണിനാദം മുഴങ്ങുന്നു. മാന്ത്രികൻ അരങ്ങിൽ മുട്ടുകുത്തി കുരിശുവരച്ച് എഴുന്നേല്ക്കുന്നതായി അഭിനയിക്കുന്നു. മൂന്നാമത്തെയാളുടെ മുന്നിൽ ചെന്ന് കുരിശുവരച്ച് മാമോദീസ മുക്കുന്നു.)

കാൽവരിക്കുന്നിൽ ചോരയൊഴുക്കിയ മനുഷ്യപുത്രന്റെ പാവനധർമം ഈ പ്രവാചകന്റെ വാക്കുകളിലൂടെ കേൾക്കുക.

ആൾ 3 : ഞാനിതാ നിങ്ങൾക്കൊരു പുതിയ കല്പന തരുന്നു...നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ...നിന്റെ ഇടത്തെ ചെകിട്ടത്തടിച്ചവന് വലത്തെ ചെകിടും കാണിച്ചുകൊടുക്കുവിൻ... ഉള്ളവൻ ഇല്ലാത്തവനു കൊടുക്കുവിൻ...

(അരങ്ങിന്റെ പിന്നിൽ മധ്യത്തിലായി ചെന്നു നിശ്ചലനാകുന്നു. മാന്ത്രികൻ അരങ്ങിനു ചുറ്റും നടന്ന്)

മാന്ത്രി : സുഹൃത്തുക്കളേ, എന്റെ വിജയകരമായ മൂന്നു പ്രകടനങ്ങൾക്കുശേഷം ഇതാ നാലാമത്തേയും അവസാനത്തേതുമായ പ്രകടനം...

(സദസ്സിൽനിന്നു നാലാമതൊരാളെ ആകർഷിച്ചു വരുത്തി അരങ്ങിലെത്തിക്കുന്നു.)

മാന്ത്രിക : (താളം ചവുട്ടിക്കാണിച്ച്) താ...

ആൾ 4 : (അനുകരിക്കുന്നു). താ.

മാന്ത്രി : താ...താ...

ആൾ 4 : താ...താ...(താളത്തിൽ ചുവടുവക്കുന്നു.)

മാന്ത്രി : താ തത്ത തത്തത്ത

ആൾ 4 : താ തത്ത തത്തത്ത (ചുവടുവയ്ക്കുന്നു.)

മാന്ത്രി : ഞാ ഞഞ്ഞ ഞഞ്ഞഞ്ഞ

ആൾ 4 : (അതേ രീതിയിൽ ചുവടുവച്ചു പറയുന്നു.)

രണ്ടുതവണ ആവർത്തിച്ചു ചവുട്ടി നിർത്തുന്നു. ആൾ 4 താളം ചവിട്ടിച്ചവിട്ടി നിശ്ചലരായ മൂന്നു പേരെയും ചെന്നു മുട്ടുന്നു. ആൾ 1ന്റെ അടുത്തുചെന്നു പ്രീണനങ്ങൾ ചൊരിയുന്ന വാക്കുകൾ ഉച്ചരിക്കുന്നതായി നടിക്കുന്നു. ആൾ 2, 3 എന്നിവർ കോപിക്കുന്നു. 4-ാമൻ ആദ്യം ആൾ 2ന്റെയും പിന്നീട് 3ന്റെയും അരികിലെത്തി ഓരോരുത്തരേയും പ്രലോഭിപ്പിക്കുന്നതായി അഭിനയിക്കുന്നു. പിന്നീട് കസേര വലിച്ചിട്ട് അരങ്ങിന്റെ മധ്യത്തിൽനിന്ന് കൈയിൽ മൈക്ക് മൈം ചെയ്തു പ്രസംഗിക്കുന്നതായി നടിക്കുന്നു. മൂന്നുപേരും പ്രകോപിതരായി ശബ്ദമില്ലാതെ ഓരോ കൈകളുയർത്തി അതതു സ്ഥാനങ്ങളിൽനിന്നു ഏറ്റുമുട്ടുന്നതായി നടിക്കുന്നു. മാന്ത്രികൻ ഓരോരുത്തരെയും കണ്ട് ശണ്ഠ ഒതുക്കുവാൻ ശ്രമിച്ചു പരാജയപ്പെടുന്നു. പിന്നെ പ്രസംഗിക്കുന്ന നാലാമന്റെ അടുത്തു ചെന്ന് ഒരു കയർ കൊടുക്കുന്നതായി കാണിക്കുന്നു. കയറിനാൽ 4-ാമൻ ഓരോരുത്തരെയും എറിഞ്ഞുകുടുക്കി അരങ്ങിന്റെ മധ്യത്തിലേക്കു അടുപ്പിക്കുന്നു. മൂന്നുപേരും നടുവരങ്ങിലേക്കു നിരങ്ങി നിരങ്ങി ഇടതുകൈ അപരന്റെ അരക്കെട്ടിലും വലതുകൈയുയർത്തി മുദ്രാവാക്യം ശൈലിയിലും ഒത്തുചേരുന്നു. മൂന്നുപേരും മുദ്രാവാക്യം വിളിക്കുന്നു.)

ആൾ 1 : ഓം ശാന്തി ശാന്തി.

(വലതുകാൽ മുട്ടിനാൽ വലതുവശം നില്ക്കുന്നവനെ തൊഴിക്കുന്നു.)

ആൾ 2 : നീ നിന്റെ സഹോദരങ്ങളെ സഹായിക്കുക

(വലതു കാൽമുട്ടിനാൽ തൊഴി.)

ആൾ 3 : കർത്താവേ, ഇവർ ചെയ്യുന്നതെന്തെന്നു ഇവർക്കുതന്നെ അറിയില്ല...ഇവരോടു ക്ഷമിക്കേണമേ...

(തൊഴിക്കുന്നു. മൂന്നുപേരും രണ്ടു മൂന്നാവർത്തി ഇതേ രീതിയിൽ തുടരുന്നു. 4-ാമൻ മൂന്നുപേരെയും കയറിന്റെ അറ്റത്താൽ ചുറ്റിവരിഞ്ഞു കെട്ടി കയർ ചുമലിലൂടെ കൈയിൽ പിടിച്ചു ഇടതുവശത്തേക്കു രണ്ടു ചുവടുവയ്ക്കുന്നു. മൂന്നുപേരും കുടുങ്ങി നീങ്ങുന്നു. മാന്ത്രികൻ മാന്ത്രികവടി ചുഴറ്റുമ്പോൾ എല്ലാവരും നിശ്ചലരാകുന്നു.)

മാന്ത്രി : സുഹൃത്തുക്കളെ, എന്റെ പ്രകടനം തല്ക്കാലം ഞാൻ ഇവിടെ അവസാനിപ്പിക്കുന്നു. ഇതിന്റെ വിജയത്തിന് എന്നോടു സഹകരിച്ച എല്ലാവർക്കും നന്ദി.

(പോകാനായി ഒരുങ്ങുന്നു. സദസ്സിൽനിന്ന് ഒരാൾ ചാടിയെണീറ്റ് 'നിൽക്കെടാ അവിടെ' എന്നു പറയുമ്പോൾ മാന്ത്രികൻ നില്ക്കുന്നു. ആൾ അരങ്ങിൽ വരുന്നു.)

ആഗതൻ : (സദസ്സിനോട്) സുഹൃത്തുക്കളെ, ഇവനെ വിടാൻ അനുവദിക്കരുത്. ലോകത്തിന്റെ പല ഭാഗങ്ങളിലും ഈ കപടമാന്ത്രികന്റെ തട്ടിപ്പുകൾ തുടർന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ ഇവന്റെ തട്ടിപ്പു തുടരാൻ അനുവദിച്ചുകൂടാ... ഇവൻ മാന്ത്രികനല്ല...ഇവൻ മുതലാളിത്തമാണ്. ഇവനെ തുരത്തുക.

സംഘശബ്ദം: ഇവനെ തുരത്തുക...തുരത്തുക...തുരത്തുക.

(മാന്ത്രികൻ ചൂളി പിൻവലിയുന്നു. നിമിഷനേരം നിശ്ശബ്ദത...എല്ലാവരും അരങ്ങിൽനിന്നു പിൻവാങ്ങുന്നു.)